# ഡിജിറ്റൽ സ്കൂൾ
# മാഗസിൻ-2023-24

# ചിറകുകൾ



# ഗവ വൊക്കേഷണൽ ഹയർസെക്കൻററി സ്‌കൂൾ പിരപ്പൻകോട്, പിരപ്പൻകോട് പി ഒ തിരുവനന്തപുരം

## ചരിത്രം

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലുള്ള മാണിക്കൽ പഞ്ചായത്തിലെ പിരപ്പൻകോട് എന്ന പ്രദേശത്താണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1940-കളിൽ ആളൂമാന്തൂർ മഠം എന്ന ബ്രാഹ്മണ കുടുംഹം സ്ഥാപിച്ച കുടിപ്പള്ളിക്കൂടമാണ് പിൽക്കാലത്ത് ജനകീയ പ്രക്ഷോഭത്തെ തുടർന്ന് സർക്കാർ സ്കൂളായി മാറിയത്. ശ്രീക്രൃഷ്ണവിലാസം ഇംഗ്ലീഷ് യു.പി. സ്ക്കൂൾ എന്ന് നാമകരണം ചെയ്തിരുന്ന ഊ സ്കൂളിൽ 1940-ജൂണിൽ പിരപ്പൻകോട് അയിനുവയള്ളി മഠത്തിലെ നാരയണൻ പോറ്റിയുടെ മകൻ സുബ്രഹ്മണ്യൻ പോറ്റിയെ രജിസ്റ്ററിൽ ചേർത്ത് അഡ്മിഷൻ തുടങ്ങിയതായി കാണുന്നു. ആദ്യ ഹെഡ്മാസ്റ്റർ ആറ്റിങ്ങൽ സ്വദേശിയായ ശ്രീ. വാസുപിള്ളയായിരുന്നു.1947-48 കാലഘട്ടത്തിൽ ഇത് ഹൈസ്കൂളായി ഉയർത്തി. എല്ലാ വിഭാഗക്കാർക്കും യഥേഷ്ടം പഠിക്കാൻ അവസരം കിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇക്കാലത്ത് ജനകീയ പ്രക്ഷോഭം ആരംഭിച്ചു. മാനേജർ അടച്ചുപൂട്ടിയ സ്കൂൾ തുറപ്പിക്കുന്നതിനും സർക്കാരിനെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതിനുമായിരുന്നു ആ സമരം.റിസീവർ ഭരണത്തിലായിരുന്ന ഈ സ്കൂൾ കേരള സംസ്ഥാന രൂപീകരണത്തിനുശേഷം ആദ്യ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരി 1954-ൽ സർക്കാർ സ്കൂളായി പ്രഖ്യാപിച്ചു.





ശ്രീ  ഷാജി എ
ഹെഡ്മാസ്റ്റർ

വിദ്യാഭ്യാസ ജില്ല- തിരുവനന്തപുരം
സബ്ജില്ല- കണിയാപുരം

കവിത

# ഒരു മഞ്ഞു കാലത്തിൻ നിണച്ചിന്തുകൾ

രക്തം പുരളുന്ന മഞ്ഞു കണങ്ങളിൽ
വെള്ള പുതച്ചു കിടക്കുന്നു നരൻ,
ചുറ്റും രക്തദാഹികൾ പാറുന്നു.

മരണവിളി അടുക്കുന്നുവെന്നറിയാതെ
ചിരിക്കും കുഞ്ഞു ബാല്യങ്ങൾ.
മുലപ്പാൽ വറ്റാത്ത ചുണ്ടുകൾ കേഴുന്നു
മാതൃ സ്നേഹത്തിനായി മാത്രം.

രണ്ടു മഹാ രാഷ്ട്രങ്ങൾ തമ്മിലെ സ്പർദ്ധയിൽ
രക്തം ചീറ്റിച്ചിതറിടുന്നു.
ഈ ശൈത്യ കാലത്തിൽ ജീവനുകൾ പൊലിയുന്നു.

"മനുഷ്യന്റെ ശത്രുത മനുഷ്യനെയൊടുക്കുന്നു
മാനവ മന്ത്രം മറന്നിടുന്നു
"മേൽക്കോയ്മ തന്നുടെ വേരുകൾ പടർത്തുവാൻ
ഒന്നിനെ മറ്റൊന്നാൽ കീഴ്പ്പെടുത്തിടുവാൻ
രക്ത ദാഹിയാം ഡ്രാക്കുളയായി,
ആസുര ശക്തിയായ് മാറി മർത്യൻ!!! "

"നരൻ നരനെ വധിക്കുന്ന കാലം."
ഈ മഞ്ഞു കാലത്തിൽ
ജീവനുകൾ പൊലിയുന്നു
ചുറ്റും മരണനാദം മുഴങ്ങുന്നു...

കാറ്റിൽ പറക്കുന്ന സ്വപ്നങ്ങളെ
മാനവ മൈത്രി തൻ സ്നേഹപ്പൊലിമയെ
ഒരുമതൻ ഓങ്കാര വൈഖരിയെ
മോക്ഷ കാംക്ഷയ്ക്കായിപ്പകരുന്ന മാനസം
മറവിതൻ മാറാല പൂകിയെന്നോ?

അനഘ എസ്. എം 10 C

# നീ എന്ന എന്നിലേ പ്രണയം

ഇന്നിലെ വാനിലേ കാർമേഘങ്ങളൊക്കെയും
പോകുവാൻ വെമ്പുന്നു ഓരോദിനത്തിലും...
നീ എന്നിൽ പടർത്തുന്ന വേരുകൾ എന്നുള്ളിൽ
ഇന്നതാ ജ്വാലയായി ഉയർന്നീടുന്നു...
നാട്ടു മൺപാതയിൽ തണലായ് വരുന്നവൾ നീയല്ലയോ...
കരളിന്റെ കടലാസു പൊതിയിലെ ചിന്തകൾ
അറിയാതെ തൊട്ടവൾ നിയേ...
ഒരുമിച്ച് നാം നടക്കുന്നൊരാ നേരത്ത് നീ എന്നും
കൂട്ടിനുണ്ടായിരുന്നു...
നീ എന്നിൽ മാത്രമായലിയുന്ന നേരം
ഞാനൊരു ആഴിയായി മാറുന്നു സഖിയേ...
ഒരു വാക് മിണ്ടാതെ മൗനമായി
എത്രയും കവിത നാം കൈമാറിയില്ലേ...
അകലേ പിറക്കും പുലർകാല സൂര്യനായ്
നിറയേ കിനാവ് നാം കണ്ടില്ലേ...

# കവിത

## വാക്കത്തി പ്രയോഗങ്ങൾ....!!!!!

ഇച്ചിരി വയറിനായ്
ഒത്തിരിപ്പണിഞ്ഞിട്ടും
കൊച്ചരിച്ചോറുണ്ണാനായ്
മേലാത്ത ജനതതി.

ദരിദ്രൻ ദരിദ്രനായ്
തുടരുംരാമരാജ്യം
തരത്തിൽ ഭരിച്ചീടാൻ
തെരുവിൽ തരികിട.
നൂറുനൂറന്യായങ്ങൾ’
കാട്ടിട്ടും മതിവരാ
കരിമ്പിൻ ചണ്ടി കണ്ട്
കരളിൽ കനക്കുന്നു.

കരിഞ്ചന്തയും പൂഴ്ത്തി വയ്പ്പും
കോഴയും കുഴൽപ്പണോം
കോരിത്തരിപ്പായ് മാറും
കോലോത്തെ പ്രമാണിമാർ.

കുചേല കുബേരന്മാർ
കലഹക്കലാപങ്ങൾ
കലിച്ചു തുള്ളും കാല-
ഭൈരവ താണ്ഡവങ്ങൾ.
ദാരിദ്ര്യ ദിനത്തിന്റെ
ദുരിതക്കയങ്ങളിൽ
വളർന്ന ചിന്തകൾ തൻ
വാക്കത്തി പ്രയോഗങ്ങൾ.....!!!!!

# ഗണിത പ്രാർത്ഥന



ഭൂമിതൻ സ്പന്ദനമായി വിളങ്ങുന്ന ഗണിതമേ

നിന്നെ തൊഴുന്നു  ഞങ്ങൾ

അറിവിൻ വെളിച്ചം പകർന്നു നീ ഞങ്ങൾക്ക്

വഴികാട്ടിയെന്നും മാറീടണമേ

സംഖ്യകൾ  രൂപങ്ങൾ ചിഹ്നങ്ങൾ

കൊണ്ടു നീ വലിയൊരു  ലോകം പണിതുയർത്തി

അറിയാതെ ഞങ്ങളെ നിത്യം നയിക്കുന്ന

ഗണിതമേ നിന്നെ നമിച്ചിടുന്നു

നിന്നുയർച്ചക്കായ് ഏറെ പ്രയത്നിച്ച

ഗുരുതുല്യരെ ഞങ്ങൾ വന്ദിക്കുന്നു

എന്നും മനസ്സിൽ കുടിയിരിപ്പാനായ്

ബുദ്ധിയും ശക്തിയും  നൽകീടണേ

**സവിത തോമസ്**

**7 A**

# ഒരു സങ്കീർത്തനം പോലെ പെരുമ്പടവം ശ്രീധരൻ മേനോൻ

ഞാൻ വായിച്ച നോവൽ കൃതികളിൽ എന്നെ ഏറ്റവും കൂടുതലായി ആകർഷിച്ച കൃതിയാണ് ശ്രീ പെരുമ്പടവം ശ്രീധരൻ രചിച്ച ഒരു സങ്കീർത്തനം പോലെ. പേര് സൂചിപ്പിക്കുന്നത് പോലെ വായനക്കാരുടെ മനസ്സിനെ മറ്റെല്ലാ ചിന്തകളിൽ നിന്നും മാറ്റി ഏകാഗ്രതയോടെ വായനയിലേക്ക് കൂട്ടിക്കൊണ്ടു പോകാൻ ഈ നോവലിന് കഴിയുന്നു. ചില ഘട്ടങ്ങളിൽ അത് നോവലിന്റെ തലം വിട്ട് ഒരു ആത്മലാപനത്തിന്റെ നിലയിലേക്ക് ഉയർന്നു പോകുന്നു. തികച്ചും സ്വപ്നതുല്യമായ ഒരു രചന. ജീവിതത്തെ ഉൽക്കടമായി അനുഭവിച്ച ഒരു എഴുത്തുകാരനെ, ജീവിതത്തെ ഉത്കടമായി അനുഭവിക്കുന്ന മറ്റൊരെഴുത്തുകാരൻ ഹൃദയത്തിലേക്ക് ആവാഹിച്ചിരിക്കുന്നത് പോലെ തോന്നുന്നു.

മലയാള നോവൽ സാഹിത്യത്തിലെ മികച്ച ക്ലാസിക് നോവലാണ് ഒരു സങ്കീർത്തനം പോലെ. മലയാളികളുടെ അഭിമാന രചനയാണ് ഈ കൃതി. വിശ്വ പ്രശസ്ത റഷ്യൻ നോവലിസ്റ്റ് ആയിരുന്ന ഫിയദോർ ദസ്തയേവ്സ്കിയുടെ ജീവിതത്തിലെ ഒരു കാലഘട്ടമാണ് ഈ നോവലിൽ അവതരിപ്പിച്ചിരിക്കുന്നത് .1993-ലാണ് ഈ കൃതി ആദ്യമായി പ്രസിദ്ധീകരിച്ചത്. കാൽ നൂറ്റാണ്ട് പിന്നിട്ട ഈ കൃതി നൂറാം പതിപ്പും കഴിഞ്ഞ് ജൈത്രയാത്രയിലാണ്.

മലയാള നോവൽ സാഹിത്യത്തിലെ 'ഏകാന്ത വിസ്മയം' എന്നറിയപ്പെടുന്ന ഒരു കൃതിയാണ് 'ഒരു സങ്കീർത്തനം പോലെ.' അന്നാ, ദസ്തയേവ്സ്കി ഫെദോസിയ എന്നീ മൂന്ന് കഥാപാത്രങ്ങളിലൂടെയാണ് നോവലിലെ കഥ പുരോഗമിക്കുന്നത്. അന്ന ജീവിതത്തിലാദ്യമായി ദസ്തയേവ്സ്കി കണ്ടുമുട്ടുന്ന നിമിഷംമുതൽ ഒടുവിൽ അവർ അന്യോന്യം ജീവിതം പങ്കുവയ്ക്കാൻ തീരുമാനിക്കുന്ന നാടകീയ മുഹൂർത്തം വരെയുള്ള കാലമാണ് നോവലിൽ അവതരിപ്പിക്കുന്നത്. ഫയദോർ മിഖാലോവിച് ദസ്തയേവ്സ്കി എന്ന നോവലിസ്റ്റിനെ സമീപത്തേക്ക് സ്റ്റനോഗ്രാഫറായി ജോലിയന്വേഷിച്ചാണ് അന്ന എന്ന പെൺകുട്ടി എത്തുന്നത്. കടക്കാരാൽ പൊറുതിമുട്ടി ചൂതുകളിയിൽ ഭ്രമിച്ച് ലക്ഷ്യബോധമില്ലാതെ നടന്നിരുന്ന ദസ്തയേവ്സ്കിയുടെ ജീവിതത്തെ അടിമുടി മാറ്റിമറിച്ച് എഴുത്തിന്റെ കൂടുതൽ ഉയരങ്ങളിലേക്ക് എത്താൻ സഹായിക്കുക മാത്രമല്ല, ജനമനസ്സുകളിൽ ഒരു വിശുദ്ധ സ്ഥാനം നേടിയെടുക്കാനും മുന്നിൽ നിന്നവളാണ് അന്ന.

'ചൂതാട്ടക്കാരൻ 'എന്ന നോവലിന്റെ കേട്ട് എഴുത്തുകാരി ആയിട്ടാണ് അന്ന ദസ്തയേവ്സ്കിയുടെ അടുത്തെത്തിയത്.അന്ന ഏറ്റവും കൂടുതൽ ആരാധിച്ചിരുന്ന നോവലിസ്റ്റ് ആയിരുന്നു ദസ്തയേവ്സ്കി.26 ദിവസം കൊണ്ട് ആ നോവലെഴുതി കഴിഞ്ഞപ്പോഴേക്കും അവർ ഏറെ അടുത്തിരുന്നു. അന്നയും ദസ്തയേവ്സ്കി യുമായുള്ള ആ 26 ദിവസങ്ങളിലെ ഇടപെടലുകളുടെയും, പ്രണയ മുഹൂർത്തങ്ങളുടെ യും, ദസ്തയേവ്സ്കി എന്ന പച്ചയായ മനുഷ്യൻന്റെയും, അദ്ദേഹത്തിന്റെ ചിന്താഗതികളെയും വായനക്കാർക്ക് പരിചയപ്പെടുത്തുകയാണ് 'ഒരു സങ്കീർത്തനം പോലെ' എന്ന നോവൽ. "തന്റെ ജീവിതത്തിലെ തകർച്ചകളെയും ദുരന്തങ്ങളെയും സ്നേഹ ഭംഗങ്ങളെയും കുറിച്ച് പറയുമ്പോൾ ദസ്തയേവ്സ്കി പരാജയപ്പെട്ട ഒരു വിശുദ്ധനെ പോലെ ആയിരുന്നു ". "സ്നേഹം അങ്ങനെയും ഉണ്ട് ഏതു മുറിവും സഹിച്ചുകൊണ്ട് ഏത് അപമാനവും സഹിച്ചു കൊണ്ട് ചിലപ്പോൾ ഒരിക്കലും തിരിച്ചു കിട്ടുകയില്ല എന്ന് അറിഞ്ഞുകൊണ്ട്..."

- എന്ന ഭാഗത്ത് പരാജയപ്പെട്ട ദസ്തയേവ്സ്കിയെ ആണ് കാണാൻ കഴിയുന്നത്. ദസ്തയെവ്സ്കിയുടെ സ്നേഹം മനസ്സിലാക്കാത്ത അന്നയോട്, " ഇളം മനസ്സിന് സ്നേഹത്തിന്റെ സങ്കീർണതകൾ ഊഹിക്കാൻ പ്രയാസം കാണും.അവൾക്ക് സ്നേഹം ചൊക ചൊകെ ചുവന്ന ഒരു പൂവ് പോലെയോ വസന്തത്തിലെ ഒരു ദിവാസ്വപ്നം പോലെയോ ആയിരിക്കും . അല്ലെങ്കിൽ കണ്ണിമയിൽ അടർന്നു വീഴാൻ കാത്തു നിൽക്കുന്ന ഒരു കണ്ണുനീർ തുള്ളി ".- ദസ്തയേവ്സ്കി എന്ന പച്ചയായ മനുഷ്യനെ വികാരവിചാരങ്ങളെയാണ് നോവലിസ്റ്റ് വെളിപ്പെടുത്തുന്നത്. ആത്മ നൊമ്പരങ്ങളുടെ വിങ്ങൽ അടക്കി കൊണ്ട് ദസ്തയേവസ്കി തന്റെ വ്യക്തി സത്തയുടെ മറകൾ നീക്കുകയാണ്."
മനുഷ്യന്റെ മനസ്സ് ഒരു കാടാണ്.ഹിംസ ജന്തുക്കൾ മേയുന്ന ഒരു
കൊടും കാട്. അവയുടെ
അലർച്ചകൾ. ഞാൻ അനുഭവിക്കുന്നത് ഒരു വന്യ മൃഗത്തിന്റെ കടിച്ചു
കീറലുകളാണ്. എന്റെ കഥകളിൽ അതിന്റെ വിങ്ങലും നിലവിളിയും ഒക്കെയുണ്ട് . മുഴുവൻ മനസ്സിലാക്കി കഴിയുമ്പോൾ എന്തുതോന്നുമോ ആവോ! ശപിക്കപ്പെട്ട ഒരു ആത്മാവാണ് ഞാൻ!"

"ഇല്ല ശാപങ്ങൾ വേറെയുമുണ്ടായിരുന്നു. ദാരിദ്ര്യം. രോഗം. സ്നേഹഭംഗം. ഒറ്റപ്പെടൽ. പീഡനാനുഭവങ്ങൾ. എപ്പോഴും വലിഞ്ഞുമുറുകി നിൽക്കുന്ന മനസ്സ്. അതൊക്കെ പിന്നെ വിധിയും ജീവിതവും ഏൽപ്പിച്ചത് ആണെന്ന് ഓർക്കാം. പക്ഷേ ഞാൻ എന്നോട് ചെയ്തതോ? ചൂതുകളി, ഋണഭാരം ദുഷ്കീർത്തി,ആത്മനിന്ദ. ഞാനെന്നെ അഴുക്കുചാലുകളിൽ ഇട്ട് വലിച്ചിഴക്കുക യായിരുന്നു. എനിക്ക് ജീവിതത്തോട് പരാതി പറയാൻ അവകാശമില്ല ."

പ്രത്യക്ഷത്തിൽ ഇതൊരു പ്രണയ കഥയാണ്. ആരാധനാ ഭാവവുമായി അടുത്തു കൂടിയ തന്നെക്കാൾ ഇളപ്പം ചെന്ന ഒരു പെൺകുട്ടിയുമൊത്ത് ആ റഷ്യൻ സാഹിത്യകാരൻ പങ്കിട്ട അനുരാഗത്തിന്റെ ദിനങ്ങളാണ് ഈ നോവലിന് ആസ്പദം. പകർത്തെഒരു സങ്കീർത്തനം പോലെ പെരുമ്പടവം ശ്രീധരൻ.

ഞാൻ വായിച്ച നോവൽ കൃതികളിൽ എന്നെ ഏറ്റവും കൂടുതലായി ആകർഷിച്ച കൃതിയാണ് ശ്രീ പെരുമ്പടവം ശ്രീധരൻ രചിച്ച ഒരു സങ്കീർത്തനം പോലെ. പേര് സൂചിപ്പിക്കുന്നത് പോലെ വായനക്കാരുടെ മനസ്സിനെ മറ്റെല്ലാ ചിന്തകളിൽ നിന്നും മാറ്റി ഏകാഗ്രതയോടെ വായനയിലേക്ക് കൂട്ടിക്കൊണ്ടു പോകാൻ ഈ നോവലിന് കഴിയുന്നു.

ചില ഘട്ടങ്ങളിൽ അത് നോവലിന്റെ തലം വിട്ട് ഒരു ആത്മലാപനത്തിന്റെ നിലയിലേക്ക് ഉയർന്നു പോകുന്നു. തികച്ചും സ്വപ്നതുല്യമായ ഒരു രചന. ജീവിതത്തെ ഉൽക്കടമായി അനുഭവിച്ച ഒരു എഴുത്തുകാരനെ, ജീവിതത്തെ ഉത്കടമായി അനുഭവിക്കുന്ന മറ്റൊരെഴുത്തുകാരൻ ഹൃദയത്തിലേക്ക് ആവാഹിച്ചിരിക്കുന്നത് പോലെ തോന്നുന്നു.

മലയാള നോവൽ സാഹിത്യത്തിലെ മികച്ച ക്ലാസിക് നോവലാണ് ഒരു സങ്കീർത്തനം പോലെ. മലയാളികളുടെ അഭിമാന രചനയാണ് ഈ കൃതി. വിശ്വ പ്രശസ്ത റഷ്യൻ നോവലിസ്റ്റ് ആയിരുന്ന ഫിയദോർ ദസ്തയേവ്സ്കിയുടെ ജീവിതത്തിലെ ഒരു കാലഘട്ടമാണ് ഈ നോവലിൽ അവതരിപ്പിച്ചിരിക്കുന്നത് .1993-ലാണ് ഈ കൃതി ആദ്യമായി പ്രസിദ്ധീകരിച്ചത്. കാൽ നൂറ്റാണ്ട് പിന്നിട്ട ഈ കൃതി നൂറാം പതിപ്പും കഴിഞ്ഞ് ജൈത്രയാത്രയിലാണ്.

മലയാള നോവൽ സാഹിത്യത്തിലെ 'ഏകാന്ത വിസ്മയം' എന്നറിയപ്പെടുന്ന ഒരു കൃതിയാണ് 'ഒരു സങ്കീർത്തനം പോലെ.' അന്നാ, ദസ്തയേവ്സ്കി ഫെദോസിയ എന്നീ മൂന്ന് കഥാപാത്രങ്ങളിലൂടെയാണ് നോവലിലെ കഥ പുരോഗമിക്കുന്നത്. അന്ന ജീവിതത്തിലാദ്യമായി ദസ്തയേവ്സ്കി കണ്ടുമുട്ടുന്ന നിമിഷംമുതൽ ഒടുവിൽ അവർ അന്യോന്യം ജീവിതം പങ്കുവയ്ക്കാൻ തീരുമാനിക്കുന്ന നാടകീയ മുഹൂർത്തം വരെയുള്ള കാലമാണ് നോവലിൽ അവതരിപ്പിക്കുന്നത്. ഫയദോർ മിഖാലോവിച് ദസ്തയേവ്സ്കി എന്ന നോവലിസ്റ്റിനെ സമീപത്തേക്ക് സ്റ്റനോ ഗ്രാഫറായി ജോലിയന്വേഷിച്ചാണ് അന്ന എന്ന പെൺകുട്ടി എത്തുന്നത്. കടക്കാരാൽ പൊറുതിമുട്ടി ചൂതുകളിയിൽ ഭ്രമിച്ച് ലക്ഷ്യബോധമില്ലാതെ നടന്നിരുന്ന ദസ്തയേവ്സ്കിയുടെ ജീവിതത്തെ അടിമുടി മാറ്റിമറിച്ച് എഴുത്തിന്റെ കൂടുതൽ ഉയരങ്ങളിലേക്ക് എത്താൻ സഹായിക്കുക മാത്രമല്ല, ജനമനസ്സുകളിൽ ഒരു വിശുദ്ധ സ്ഥാനം നേടിയെടുക്കാനും മുന്നിൽ നിന്നവളാണ് അന്ന.

'ചൂതാട്ടക്കാരൻ 'എന്ന നോവലിന്റെ കേട്ട് എഴുത്തുകാരി ആയിട്ടാണ് അന്ന ദസ്തയേവ്സ്കിയുടെ അടുത്തെത്തിയത്.അന്ന ഏറ്റവും കൂടുതൽ ആരാധിച്ചിരുന്ന നോവലിസ്റ്റ് ആയിരുന്നു ദസ്തയേവ്സ്കി.26 ദിവസം കൊണ്ട് ആ നോവലെഴുതി കഴിഞ്ഞപ്പോഴേക്കും അവർ ഏറെ അടുത്തിരുന്നു. അന്നയും ദസ്തയേവ്സ്കി യുമായുള്ള ആ 26 ദിവസങ്ങളിലെ ഇടപെടലുകളുടെയും, പ്രണയ മുഹൂർത്തങ്ങളുടെ യും, ദസ്തയേവ്സ്കി എന്ന പച്ചയായ മനുഷ്യൻന്റെയും, അദ്ദേഹത്തിന്റെ ചിന്താഗതികളെയും വായനക്കാർക്ക് പരിചയപ്പെടുത്തുകയാണ് 'ഒരു സങ്കീർത്തനം പോലെ' എന്ന നോവൽ. "തന്റെ ജീവിതത്തിലെ തകർച്ചകളെയും ദുരന്തങ്ങളെയും സ്നേഹം ഭംഗങ്ങളെയും കുറിച്ച് പറയുമ്പോൾ ദസ്തയേവ്സ്കി പരാജയപ്പെട്ട ഒരു വിശുദ്ധനെ പോലെ ആയിരുന്നു ". "സ്നേഹം അങ്ങനെയും ഉണ്ട് ഏതു മുറിവും സഹിച്ചുകൊണ്ട് ഏത് അപമാനവും സഹിച്ചു കൊണ്ട് ചിലപ്പോൾ ഒരിക്കലും തിരിച്ചു കിട്ടുകയില്ല എന്ന് അറിഞ്ഞുകൊണ്ട്..."

- എന്ന ഭാഗത്ത് പരാജയപ്പെട്ട ദസ്തയേവ്സ്കിയെ ആണ് കാണാൻ കഴിയുന്നത്. ദസ്തയെവ്സ്കിയുടെ സ്നേഹം മനസ്സിലാക്കാത്ത അന്നയോട്, " ഇളം മനസ്സിന് സ്നേഹത്തിന്റെ സങ്കീർണതകൾ ഊഹിക്കാൻ പ്രയാസം കാണും.അവൾക്ക് സ്നേഹം ചൊക ചൊകെ ചുവന്ന ഒരു പൂവ് പോലെയോ വസന്തത്തിലെ ഒരു ദിവാസ്വപ്നം പോലെയോ ആയിരിക്കും . അല്ലെങ്കിൽ കണ്ണിമയിൽ അടർന്നു വീഴാൻ കാത്തു നിൽക്കുന്ന ഒരു കണ്ണുനീർ തുള്ളി ".- ദസ്തയേവ്സ്കി എന്ന പച്ചയായ മനുഷ്യനെ വികാരവിചാരങ്ങളെയാണ് നോവലിസ്റ്റ് വെളിപ്പെടുത്തുന്നത്. ആത്മ നൊമ്പരങ്ങളുടെ വിങ്ങൽ അടക്കി കൊണ്ട് ദസ്തയേവസ്കി തന്റെ വ്യക്തി സത്തയുടെ മറകൾ നീക്കുകയാണ്." മനുഷ്യന്റെ മനസ്സ് ഒരു കാടാണ്.ഹിംസ ജന്തുക്കൾ മേയുന്ന ഒരു
കൊടും കാട്. അവയുടെ
അലർച്ചകൾ. ഞാൻ അനുഭവിക്കുന്നത് ഒരു വന്യ മൃഗത്തിന്റെ കടിച്ചു
കീറലുകളാണ്. എന്റെ കഥകളിൽ അതിന്റെ വിങ്ങലും നിലവിളിയും ഒക്കെയുണ്ട് . മുഴുവൻ മനസ്സിലാക്കി കഴിയുമ്പോൾ എന്തുതോന്നുമോ ആവോ! ശപിക്കപ്പെട്ട ഒരു ആത്മാവാണ് ഞാൻ!"

"ഇല്ല ശാപങ്ങൾ വേറെയുമുണ്ടായിരുന്നു. ദാരിദ്ര്യം. രോഗം. സ്നേഹഭംഗം. ഒറ്റപ്പെടൽ. പീഡനനുഭവങ്ങൾ. എപ്പോഴും വലിഞ്ഞുമുറുകി നിൽക്കുന്ന മനസ്സ്. അതൊക്കെ പിന്നെ വിധിയും ജീവിതവും ഏൽപ്പിച്ചത് ആണെന്ന് ഓർക്കാം. പക്ഷേ ഞാൻ എന്നോട് ചെയ്തതോ? ചൂതുകളി, ഋണഭാരം ദുഷ്കീർത്തി,ആത്മനിന്ദ. ഞാനെന്നെ അഴുക്കുചാലുകളിൽ ഇട്ട് വലിച്ചിഴക്കുക യായിരുന്നു. എനിക്ക് ജീവിതത്തോട് പരാതി പറയാൻ അവകാശമില്ല ."

പ്രത്യക്ഷത്തിൽ ഇതൊരു പ്രണയ കഥയാണ്.പകർത്തെ ഴുത്തുകാരിയായ അന്നയും അവളുടെ ആരാധനാ പാത്രവും തമ്മിലുള്ള വിക്ഷുബ്ദമായ അടുപ്പത്തിന് ചിത്രീകരണം വിചിത്രമായ രീതിയിൽ

സ്ത്രീകളെ ആകർഷിക്കുകയും വികർ ഷിക്കുകയും ചെയ്യുപോന്ന ഈ അപൂർവ പ്രതിഭാശാലിയുടെ വൈകാരിക ജീവിതത്തിലെ അറകൾ തുറന്നുകാട്ടുന്നു.

പെരുമ്പടവം ശ്രീധരന്റെ ഈ രചന അദ്ദേഹത്തിന്റെ പൊതു സ്വഭാവത്തിൽ നിന്നുള്ള സ്പഷ്ടമായ വ്യതിയാനം കുറിക്കുന്നതാണ്. ലോലവും പലപ്പോഴും അതിഭാവുകത്വം പുരണ്ട തുമായ കാല്പനിക ഭാവങ്ങളുടെ വിതാനത്തിൽ നിന്ന് തോബ പൂർണ്ണമായ ആത്മീയ സംഘർഷങ്ങളുടെ മേഖലയിൽ അദ്ദേഹം ചെന്നെത്തിയിരിക്കുന്നു. പരിമിതമായ വൃത്തത്തിൽ വിഹരിക്കാനി ഷ്ടപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ ഭാവന തിന്മയുടെയും ദുരി ത്താനുഭവത്തിന്റെയും പാപപീഡയുടെയും പശ്ചാത്താപത്തിന്റെയും സമസ്യകൾ ഉൾചേർന്ന പ്രശ്നനിഷ്ഠമായ ഭൂമിയെ സ്പർശിച്ചു ഇരിക്കുകയാണ് ഇവിടെ.


ക്ലാസിക്കൽ രീതിയിലുള്ള മിതത്വം പാലിക്കുന്ന ഈ നോവലിനെ ആഖ്യാനം വളരെ ലളിതമാണ്. പദങ്ങളുടെ തിരഞ്ഞെടുപ്പിൽ, ബിംബങ്ങളുടെ ക്രമീകരണത്തിൽ, നാടകീയ മുഹൂർത്തങ്ങൾ ഉടെ വിന്യാസത്തിൽ പെരുമ്പടവം ശ്രീധരൻ തികഞ്ഞ കരുതൽ പാലിച്ചിരിക്കുന്നു. ഇതിവൃത്തത്തിന് ഏകാഗ്രതയും ലാളിത്യവും സൗന്ദര്യവും തീവ്രതയും എല്ലാം അതിനൊക്കെ അപ്പുറത്തുള്ള എന്തോ ഒരുകർഷണശക്തിയും കൊണ്ട് ഈ നോവൽ എന്നെ ഏറെ ആകർഷിച്ചു. ഈ നോവൽ വായിക്കുമ്പോൾ "ഹൃദയത്തിൽ ദൈവത്തിന്റെ കയ്യൊപ്പുള്ള അനുഗ്രഹീതനായ ഒരു എഴുത്തുകാരനായി "ഫയദോർ മിഖാലോവിച് ദസ്ഥയെവിസ്കി മാറുന്നു.

--------------------------------------------------

---------------------------------------

----------------

# മാതൃഭാഷയുടെ പ്രശസ്തിയും പ്രാധാന്യവും



തന്റെ ചുറ്റുപാടുമുള്ള പൊതു സമൂഹം സംസാരിക്കുന്ന ഭാഷയാണ് മാതൃഭാഷയായി വരുന്നത്. മാതൃഭാഷ എന്നത് ഒരു വ്യക്തിയുടെ, അവനുൾപ്പെടുന്ന പാരമ്പര്യ സമൂഹത്തിന്റെ സാധാരണ സംസാരശൈലിയും ലിപിയുണ്ടെങ്കിൽ അതും അച്ചടിശൈലിയും അടങ്ങുന്ന ഭാഷയാണ്.മലയാളിയുടെ മാതൃഭാഷ മലയാളമാണ്.

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യന്നു പെറ്റമ്മ തൻഭാഷ താൻ"
എന്നാണ്  മഹാകവി വള്ളത്തോൾ മാതൃ ഭാഷയെക്കുറിച്ച്

പറഞ്ഞിട്ടുള്ളത്.ശാരീരിക വളർച്ചയ്ക്ക്  സമീകൃത ഭക്ഷണമായി പാലിനെ ഗണിക്കുന്നതു പോലെ തന്നെ ഒരു വ്യക്തിയുടെ വൈകാരികമായ വളർച്ച  സാധ്യമാകണമെങ്കിൽ മാതൃഭാഷയിലൂടെ അമ്മ പകർന്നു നൽകുന്ന വാത്സല്യ ദുഗ്ധം നുകരുക തന്നെ വേണം. "അമ്മ, അമ്മിഞ്ഞ അച്ഛനെന്നിങ്ങനെ അറിവിന്റെ ലോകത്തേയ്ക്ക് പിച്ച വയ്ക്കുന്ന കുഞ്ഞിന്റെസ്വത്വബോധം രൂപപ്പെടുന്നത്  മാത്രഭാഷയിലൂടെയാണ്. അതുകൊണ്ടാണ് കവി പറയുന്നത് :

"ഏതൊരു വേദവും ഏതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽ പതിയേണമെങ്കിൽ സ്വഭാഷ തൻ
വക് ത്രത്തിൽ നിന്നു താൻ കേൾക്ക വേണം".

എന്നാൽ  തന്റെ കുട്ടികൾ പുതിയ സംസ്കാരവും പുതിയ ഭാഷയും ആർജിച്ച് ജീവിതത്തിന്റെ ഉയർന്ന തലങ്ങളിൽ വിഹരിക്കണമെന്നാഗ്രഹിക്കുന്ന ആധുനിക മലയാളികൾ തങ്ങളുടെ മക്കളെ സ്വന്തം ഭാഷയിൽ നിന്നും സംസ്കാരത്തിൽ നിന്നും അകറ്റി പാശ്ചാത്യ സംസ്കാരത്തിന്റെ അന്ധമായ അനുകർത്താക്കളാക്കി മാറ്റുന്നു. നൂറ്റാണ്ടുകളുടെ അംഗലേയാധിനിവേശത്തിന് മലയാളി അടിമത്തം പുലർത്തുന്നതും അതു കൊണ്ടാണ്. അങ്ങനെ പിറന്ന നാടിനേയും പാരമ്പര്യത്തേയും സംസ്കാരത്തേയും പുച്ഛത്തോടെ കാണുന്ന സ്വത്വബോധമില്ലാത്ത തലമുറ വളർന്നു വരുന്നതിൽ എന്തതിശയോക്തിയാണുള്ളത്? ഇതേക്കുറിച്ചാണ്  - ആരുവായിക്കും ഈ മായുമെഴുത്തുകൾ?
ആരുടെ നാവിലുയിർക്കുമീ ചൊല്ലുകൾ?
നാളെയീ കുട്ടികൾ ചോദിക്കുമോ?
നമ്മളാരുടെ കുട്ടികൾ? ആരുടെ നോവുകൾ?
തായ്മൊഴിതൻ ഈണമെങ്ങിനെ?
നാവെടുത്തോതുന്നതെങ്ങിനെ?

ഓർക്കുന്നതെങ്ങിനെ?
തായ്മനസ്സിന്റെ തുടിപ്പുകളെങ്ങിനെ?
തായ്പ്പൊല്ലിലൂറിയ താളങ്ങളെങ്ങിനെ?
താരാട്ടിലോലുന്ന മാധുര്യമെങ്ങിനെ?
താൻ തന്നെ വന്നു പിറന്നതുമെങ്ങിനെ?
ആരു തേടും? നാളെ നമ്മുടെ കുട്ടികൾ-
ക്കോർക്കാനമ്മയെ വേണ്ടായിരിക്കുമോ.?

എന്ന് മലയാളത്തിന്റെ പ്രിയ കവി പി മധു സൂദനൻ നായർ ആവലാതി കൊള്ളുന്നതും. ഇവിടെ മാതൃഭാഷയുട പ്രാധാന്യം ഏറെ വ്യക്തമാകുന്നു . ഒരു വ്യക്തിയെ മാനവിക മൂല്യങ്ങളുടെ പ്രയോക്താവാക്കി സാംസ്കാരിക ബോധത്തോടെയും ദേശ ബോധത്തോടെയും വളർത്തി നാളയുടെ ശില്പിയാക്കി പരുവപ്പെടുത്താൻ മാതൃഭാഷയോളം മറ്റൊരു ഭാഷയ്ക്കും കഴിയില്ല.

സംസ്കൃത ഭാഷ തൻ സ്വാഭാവികോജസ്സും
സാക്ഷാൽ തമിഴിന്റെ സൗന്ദര്യവും
ഒത്തുചേർന്നുള്ളോരു ഭാഷയാണെൻ ഭാഷ
മത്താടിക്കൊൾകഭിമാനമേ നീ "

ഈ രീതിയിൽ പരകീയ ഭാഷാ പദങ്ങളെ ചേർത്തു കൊണ്ട് ,നമ്മുടെ ഭാഷയെ ലോകോത്തര ഭാഷയാക്കി വളർത്തിക്കൊണ്ട് ഏത് സങ്കീർണമായ ആശയത്തേയും പ്രോജ്വലിപ്പിക്കാൻ കെൽപ്പുള്ള ഭാഷയാണ് നമ്മുടെ മാതൃഭാഷയെന്ന് അഭിമാനത്തോടെ പറയാൻ നമുക്ക് കഴിയട്ടെ.

"ഭാരതമെന്ന പേരു കേട്ടാൽ
അഭിമാനപൂരിതമാകണമന്തരംഗം
കേരളമെന്നു കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ "

അതിന് തായ് മൊഴി തന്നെയാണ് ഏറ്റവും അഭികാമ്യം.


-----------------------------



അവിനാശ്

6 B






അക്ഷയ എസ് എം
9D



# പ്രവേശനോത്സവം-2023











# പരിസ്ഥിതിദിനാഘോഷം-2023 ജൂൺ 5













# ഓണാഘോഷം- 2023












# സ്കൂൾ കലോത്സവം-2023













# ലിറ്റിൽ കൈറ്റ്സ് ക്യാമ്പ്-2023











# ഫ്രീഡം ഫെസ്റ്റ്-2023








# ഗാന്ധി ജയന്തി ദിനാഘോഷം-2023











## റിപ്പബ്ലിക് ഡേ -2024











# സയൻസ് ഫെസ്റ്റ്-2023








# മാത്സ് ഫെസ്റ്റ്-2023








# വിവിധ മേഖലകളിൽ മികവ് തെളിയിച്ചവർ


നീന്തൽക്കുളത്തിൽ സ്വർണമത്സ്യമായി ശ്രീഹരി

ശ്രീഹരി ബി എസ്






നവകേരളസദസ്സ് പഞ്ചായത്തി
തല ക്വിസ്-ഒന്നാം സ്ഥാനം
അനുഗ്രഹ ഡി എസ്
ദേവി നിരഞ്ജന









കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കൂ

www.schoolwiki.com

നന്ദിപൂർവ്വം

സ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

ഗവ വി ആൻറ് എച്ച് എസ് എസ്

പിരപ്പൻകോട്